പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1120** **2.03.2017-ൽ മറുപടിയ്ക്ക്**

**മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>" വി. ജോയി<br>" വി. കെ. സി. മമ്മത് കോയ<br>" കെ. കെ. രാമചന്ദ്രൻ നായർ: | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മരാമത്ത് പണികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;<br><br>(ബി) റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിലെ അപാകതകൾ കണ്ടുപിടിക്കുന്നതിന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും, മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച പ്രവർത്തനം നടപ്പിലാക്കി വരുന്നു. ഇത് വഴി പദ്ധതികൾക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതാണ്. പ്രവർത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർ മേൽനോട്ടം വഹിച്ച് സ്പെസിഫിക്കേഷൻ ഉറപ്പ് വരുത്തുന്നതാണ്. ഇത് കൂടാതെ, ക്വാളിറ്റി കൺട്രോൾ സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മാത്രമാണ് പേമെന്റ് നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നത്. |
| (സി) കരാറുകാർ ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (സി) പുതിയ നയപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ